"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് - ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി -ബഹു. ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.79/2024/TAXES തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:-

1. എസ്.ആർ.ഒ.നം. 984/2009 ആയി പുറപ്പെടുവിച്ച 2009- ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമ പദ്ധതി
2. എ.സ്.ആർ.ഒ.നം.173/2021 ആയി പുറപ്പെടുവിച്ച LIFE - Vishu Bumper Lottery 2021 (BR-79)-യുടെ അസാധാരണ ഗസറ്റ് വിജ്ഞാപനം
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 03.02.2022-ലെ SLTY/118/2021-S1 നമ്പർ കത്ത്
4. WP(C)No.22362/2022 നമ്പർ കേസിലെ 28.03.2023 ലെ വിധിന്യായത്തിന്മേലുള്ള WA.No.1580/2024 നമ്പർ കേസിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 22.10.2024-ലെ അന്തിമ വിധിന്യായം
5. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.11.2024 ലെ LWHO/109/2024-E5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ ഭവനരഹിതരായ അംഗങ്ങൾക്ക് വീട് നിർമ്മിച്ച്

നല്കുന്നതിനായുള്ള ധനസമാഹരണാർത്ഥം **LIFE - Vishu Bumper-2021 (BR-79)** എന്ന പേരിൽ ഒരു ലോട്ടറി പരാമർശം (2) ഉത്തരവ് പ്രകാരം ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയുണ്ടായി.

2) ടി ഭാഗ്യക്കുറിയുടെ ലാഭവിഹിതം ₹9,47,55,003.17/- (ഒൻപത് കോടി നാല്പത്തിയേഴ് ലക്ഷത്തി അൻപത്തയ്യായിരത്തി മൂന്ന് രൂപ പതിനേഴ് പൈസ മാത്രം) ആണെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തുക വിനിയോഗിച്ച് ഒരു ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്, പരാമർശം (1)-ലെ ക്ഷേമ പദ്ധതി വിജ്ഞാപനം ഖണ്ഡിക 35 പ്രകാരവും, പരാമർശം (4)-ലെ ബഹുമാനപെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും, അനുമതി ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (5) പ്രകാരം ശിപാർശ സർക്കാരിലേക്ക് നല്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **LIFE - Vishu Bumper Lottery 2021 (BR-79)** ലോട്ടറിയുടെ ലാഭവിഹിതമായ ₹9,47,55,003.17/- (ഒൻപത് കോടി നാല്പത്തിയേഴ് ലക്ഷത്തി അൻപത്തയ്യായിരത്തി മൂന്ന് രൂപ പതിനേഴ് പൈസ മാത്രം) വിനിയോഗിച്ച്, അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്കായി ഒരു ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്, പരാമർശം (1)-ലെ ക്ഷേമ പദ്ധതി വിജ്ഞാപനം ഖണ്ഡിക 35 പ്രകാരം അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (4) വിധിന്യായത്തിലെ സർക്കാരിനുള്ള നിർദ്ദേശം മേൽ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു. ടി വിധിന്യായത്തിലെ തുടർനിർദ്ദേശങ്ങൾ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമയബന്ധിതമായി നടപ്പിലാക്കേണ്ടതും നടപടി റിപ്പോർട്ട് ബഹു. ഹൈക്കോടതി മുമ്പാകെ

ബോധിപ്പിക്കേണ്ടതുമാണ്.

5) ടി പദ്ധതിക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച് ഗുണഭോക്താക്കളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും ഉൾപ്പെടുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
2. സ്റ്റേറ്റ് വെൽഫെയർ ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം
4. അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം(ആമുഖക്കത്ത് സഹിതം)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
7. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. ധനകാര്യ വകുപ്പ്
9. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/285/2023-TAXES )

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 11-12-2024 13:45:21

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

<u>അനുബന്ധം</u>

## ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. അർഹതാ മാനദണ്ഡങ്ങളുടെ മുൻഗണനയുടെ അടിസ്ഥാനത്തിൽ പരമാവധി 160 ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള ധനസഹായമാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത്.
2. ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപ നിരക്കിൽ ആണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്.
3. ഭവന നിർമ്മാണത്തിന് ചുവടെപ്പറയും പ്രകാരം 4 ഘട്ടമായാണ് ആകെ 6 ലക്ഷം രൂപ അനുവദിക്കുന്നത്.
    i. കെട്ടിടത്തിന്റെ അടിസ്ഥാനം (Basement) പൂർത്തിയാകുമ്പോൾ ഒരു ലക്ഷം
    ii. കെട്ടിടത്തിന്റെ ചുവരിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ രണ്ട് ലക്ഷം
    iii. കെട്ടിടത്തിന്റെ കോൺക്രീറ്റ് (വാർക്കൽ) പൂർത്തിയാകുമ്പോൾ രണ്ട് ലക്ഷം
    iv. കെട്ടിടത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്ന് കെട്ടിട നമ്പർ ലഭിക്കുമ്പോൾ ഒരു ലക്ഷം
4. ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 650 ചതുരശ്ര അടിയ്ക്കും 800 ചതുരശ്ര അടിയ്ക്കും ഇടയിലായിരിക്കണം.

## ഭവന നിർമ്മാണ പദ്ധതിക്ക് അർഹരായ അംഗങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ

A. അർഹതാ മാനദണ്ഡങ്ങൾ
    1. അപേക്ഷകൻ കഴിഞ്ഞ അഞ്ചു വർഷമായി ക്ഷേമനിധിയിൽ സജീവ അംഗത്വമുള്ള ആളായിരിക്കണം
    2. അപേക്ഷകന്റെ കുടുംബാംഗങ്ങളിൽ ആർക്കും സ്വന്തമായി ഭവനം ഉണ്ടായിരിക്കരുത്

3. അപേക്ഷകന്റെ കുടുംബാംഗങ്ങളിൽ ആരും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലിക്കാരോ പെൻഷനർമാരോ ആയിരിക്കരുത്
4. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ കവിയരുത്
5. അപേക്ഷകനോ അപേക്ഷകന്റെ കുടുംബാംഗങ്ങളിൽ ആരെങ്കിലുമോ നഗരപ്രദേശമെങ്കിൽ 6 സെന്റിലോ ഗ്രാമപ്രദേശമാണെങ്കിൽ 15 സെന്റിലോ ഏറെ ഭൂമിയ്ക്ക് ഉടമയായിരിക്കരുത്.
6. ഭാഗ്യക്കുറി വിപണനത്തിനല്ലാതെ ഇരുചക്ര വാഹനമൊഴികെ മോട്ടോർ വാഹനങ്ങൾ ഉണ്ടായിരിക്കരുത്.
7. അവകാശികൾക്ക് ഭാഗം ചെയ്തു എന്ന കാരണത്താൽ ഭൂ രഹിതനായ അംഗം ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹനല്ല
8. നിലവിലുള്ള വാസയോഗ്യമല്ലാത്ത ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേസ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിൽനിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

B. സമർപ്പിക്കേണ്ട രേഖകൾ

1. ക്ഷേമനിധി അംഗത്വ പുസ്തകം
2. റേഷൻ കാർഡും പകർപ്പും
3. ആധാരം. കരമടച്ച രസീതി.
4. വില്ലേജ് ഓഫീസർ ലഭ്യമാക്കിയ
    i. വരുമാന സർട്ടിഫിക്കറ്റ്
    ii. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
    iii. വീടില്ല/വാസയോഗ്യമല്ല എന്ന് **LSGD** യിൽ നിന്നുള്ള സർട്ടിഫിക്കറ്റ്

C. മുൻഗണന

1. നാല്പത് ശതമാനത്തിലധികം ഭിന്നശേഷി നേരിടുന്ന അംഗം
2. ഗുരുതര രോഗമുള്ള/കുടുംബാംഗമുള്ള അംഗം
3. ക്ഷേമനിധി അംഗങ്ങളായിട്ടുള്ള വിധവകൾ/ഒറ്റ അമ്മമാർ (**single mother**) കുടുംബനാഥയായിട്ടുള്ള കുടുംബം
4. ക്ഷേമനിധി അംഗത്വം നേടിയതിലെ സീനിയോറിറ്റി

D. തുടർ നടപടികൾ

1. അപേക്ഷകരുടെ അർഹത സംബന്ധിച്ച് ജില്ലാ ക്ഷേമനിധി

ഓഫീസർമാരുടെയും ബോർഡ് അംഗങ്ങളുടെയും പ്രാദേശിക അന്വേഷണ റിപ്പോർട്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭവനരഹിതരെന്ന സാക്ഷ്യപത്രവും

2. ഗുണഭോക്താക്കളുടെ ജില്ലാതല കരട് പട്ടികയുടെ പ്രസിദ്ധീകരണം
3. അപ്പീൽ സ്വീകരിക്കൽ
4. ജില്ലാ/ഹെഡ് ഓഫീസ് തലത്തിൽ അപ്പീൽ തീർപ്പാക്കൽ
5. അന്തിമ പട്ടിക പ്രസിദ്ധീകരിക്കൽ